**---------------- ഭാരതീയ റിസർവ് ബാങ്ക്----------------**

RBI/2016-17/331
DCM(Plg) No. 5720/10.27.00/2016-17 ജൂൺ 29, 2017

ചെയർമാൻ/മാനേജിങ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
ഡിസ്ട്രിക്ട് സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ

മാഡം/പ്രിയപ്പെട്ട സർ,

**ഡി.സി.സി.ബി-കളുടെ കൈവശമുള്ള സ്പെസിഫൈഡ് ബാങ്ക് നോട്ടുകൾ**

2017 ജൂൺ 20ന് ഭാരത സർക്കാർ വിളംബരപ്പെടുത്തിയ സ്പെസിഫൈഡ് ബാങ്ക്നോട്ട്സ് (ബാങ്കുകൾ, പോസ്റ്റ് ഓഫീസുകൾ, ഡിസ്ട്രിക്ട് സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവയിൽ നിന്നുള്ള നിക്ഷേപങ്ങൾ) റൂൾസ്, 2017 (പകർപ്പ് ഒപ്പമയയ്ക്കുന്നു) ദയവായി പരിശോധിക്കുക. അതിന്റെ രണ്ടാം ഖണ്ഡികയിൽ പറഞ്ഞിരിക്കും പ്രകാരം 2016 നവംബർ 10 മുതൽ 14 വരെയുള്ള കാലയളവിനുള്ളിൽ ഡിസ്ട്രിക്ട് സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് അവരുടെ ഇടപാടുകാരിൽ നിന്നും ലഭിച്ച സ്പെസിഫൈഡ് ബാങ്ക് നോട്ടുകൾ (എസ്ബിഎൻ-കൾ) താഴെപ്പറയുംവിധം സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു;

(i) 2016 നവംബർ 10 മുതൽ 14 വരെ ഡിസിസിബി-കൾ നിക്ഷേപങ്ങളായി സ്വീകരിക്കുകയോ, കൈമാറ്റത്തിലൂടെ അവർക്ക് ലഭിക്കുകയോ ചെയ്ത എസ്ബിഎൻ കൾ ഇപ്രകാരം ആർബിഐയിൽ നിക്ഷേപിക്കാൻ അർഹമായിരിക്കും. 2016 നവംബർ 8 തീയതി പണമിടപാടുകൾ അവസാനിക്കുമ്പോൾ കൈവശമുണ്ടായിരിക്കുകയും ഇന്നേവരേയ്ക്കും നിക്ഷേപിക്കപ്പെടാതിരിക്കുകയും ചെയ്തിട്ടുള്ള എസ്ബിഎൻ-കളുടെ നീക്കിയിരിപ്പ് നിക്ഷേപത്തിന് അർഹമല്ല.

(ii) ഡിസിസിബി-കൾ 2016 നവംബർ 15 മുതൽക്ക് സ്വീകരിച്ച എസ്ബിഎൻ-കൾ ഇപ്പോൾ അനുവദിച്ചിരിക്കുന്ന സൗകര്യത്തിൻ കീഴിൽ സ്വീകരിക്കുന്നതല്ല.

(iii) ഈ സൗകര്യം ആർബിഐയുടെ അഹമ്മദാബാദ്, ബംഗാളുരു, ബേലാപ്പൂർ, ഭോപ്പാൽ, ഭുവനേശ്വർ, ചണ്ഡിഗഡ്, ചെന്നൈ, ഗുവാഹത്തി, ഹൈദരാബാദ്, ജയ്പൂർ, ജമ്മു, കാൺപൂർ, കൊൽക്കത്ത, ലഖ്നൗ, മുംബൈ, നാഗ്പൂർ, ന്യൂഡൽഹി, പാറ്റ്ന, തിരുവനന്തപുരം എന്നിവടങ്ങളിലെ റീജണൽ ഓഫീസുകളിൽ ലഭ്യമായിരിക്കും.

(iv) ഡിസിസിബി-കൾക്ക് അവരുടെ കൈവശമുള്ള തക്കതായ എസ്ബി എൻ-കൾ ബാങ്ക്സ് ഗ്യാരന്റി സ്കീമിന് വിധേയമായി ആർബിഐയിൽ നിക്ഷേപിക്കാവുന്നതാണ്. നിർദ്ദിഷ്ട കാലയളവിനുള്ളിൽ എസ്ബി എൻ -കൾ നിക്ഷേപിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ ആർബിഐയ്ക്ക് ബോധ്യപ്പെടുന്നതിന് വിധേയമായിട്ടായിരിക്കും ബന്ധപ്പെട്ട ബാങ്കിൻറെ അക്കൗണ്ടിൽ പണം വരവ് വയ്ക്കുന്നത്.

(v) ബന്ധപ്പെട്ട ഡിസിസിബി-കൾ, അവർ ഏത് ആർബിഐ കാര്യാലയത്തിന്റെ നിയമപരിപാലനാധികാരത്തിൻ കീഴിലാണോ പ്രവർത്തിക്കുന്നത്, ആ കാര്യാലയത്തിനെയാണ് സമീപിക്കേണ്ടത്.

(vi) ഇപ്രകാരം ലഭിക്കുന്ന എസ്ബിഎൻ-കൾ അവയുടെ കൃത്യതയ്ക്കും നിജാവസ്ഥയ്ക്കുമായി ബന്ധപ്പെട്ട ഡിസിസിബി-യുടെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നതും അതിനുശേഷം ആകെ തുകയിലെ കുറവ്/കൂടുതൽ, വ്യാജനോട്ടുകൾ എന്നിവ തിട്ടപ്പെടുത്തുന്നതുമാണ്.

(vii) ഔദ്യോഗികമായി നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്ന ആർബിഐ ഓഫീസുകൾ 2017 ജൂലൈ 19 വരെ എസ്ബിഎൻ-കൾ സ്വീകരിക്കുന്നതാണ്.

താങ്കളുടെ വിശ്വസ്തതയുള്ള

(പി.വിജയകുമാർ)
ചീഫ് ജനറൽ മാനേജർ